നേരത്തേതന്നെ ആകാമായിരുന്നു. പ്രത്യേകിച്ചും ശ്രീ. ജി. കാർത്തികേയൻ ഇക്കാര്യം അങ്ങയോട് പറഞ്ഞിരിക്കുമെന്നുള്ള കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. നമ്മൾ ഒരിക്കലും ഇങ്ങനെയുള്ള കാര്യങ്ങളെ ന്യായീകരിക്കുന്നത് ശരിയല്ല. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. പോലീസുകാർക്ക് ഒരു പ്രതിയെ സംശയത്തിന്റെ പേരിൽ അറസ്റ്റ് ചെയ്യാം. ഇല്ലെന്ന് നമുക്ക് പറയാൻ കഴിയില്ല. പക്ഷേ നടുറോഡിലിട്ട് ആളെ തല്ലുക, മർദ്ദിക്കുക, അത് വളരെയധികം ആളുകൾ കണ്ടതാണ്. ശ്രീ. ജി. കാർത്തികേയൻ അതിനെക്കുറിച്ച് ഇവിടെ പറഞ്ഞില്ലെങ്കിലും സ്വാഭാവികമായും അദ്ദേഹത്തോട് ചോദിച്ചാൽ അദ്ദേഹം അതിന്റെ വസ്തുതാപരമായ കാര്യങ്ങൾ പറയും. നമ്മൾ പോലീസിനെ ന്യായീകരിക്കാൻ ശ്രമിക്കുന്നതോടുകൂടി അതിക്രമം കാണിക്കാൻ അവർക്ക് പ്രേരണയും കൂടും. എന്താണെങ്കിലും ഇതിന്റെ സത്യാവസ്ഥ ജനങ്ങൾക്ക് അറിയണം. ഇത് മരണമാണോ, കൊലപാതകമാണോ എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കുറച്ചുകൂടി നേരത്തേ ഈ കാര്യത്തിൽ നടപടികൾ സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞങ്ങളും വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ശ്രീ. ടി. എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭയിൽ നിന്നും പുറത്തുപോയി. സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷ അംഗങ്ങൾ അല്പസമയത്തിനുള്ളിൽ സഭയിൽ വീണ്ടും ഹാജരായി.)

III. ശ്രദ്ധക്ഷണിക്കൽ

(1) ദരിദ്ര ജനവിഭാഗങ്ങൾക്ക് ബി.പി.എൽ. കാർഡുകൾ ലഭിക്കാത്തതിനെത്തുടർന്ന് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, കേരളത്തിലെ ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്ന ലക്ഷക്കണക്കിന് പാവപ്പെട്ടവരുടെ ഗൗരവതരമായ പ്രശ്നമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ഉദ്ദേശിക്കുന്നത്. നഗരങ്ങളിലും പട്ടണങ്ങളിലും ആകെയുള്ള മുഴുവൻ കുടുംബങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് റേഷൻ നൽകുന്ന ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാണ് കേരളം. സോഷ്യലിസ്റ്റ് രാജ്യങ്ങളൊഴിച്ച് മുതലാളിത്ത വികസന പാത കൈകാര്യം ചെയ്യുന്ന ലോകത്തിലെ മറ്റ് വികസിത രാജ്യങ്ങളിൽ റേഷൻ സംവിധാനത്തിന് മാതൃക കേരളമാണെന്ന് അഭിമാനത്തോടുകൂടി പറയാൻ നമുക്ക് സാധിക്കുന്നതാണ്. എന്നാൽ പൊതുവിതരണ സംവിധാനമാകെ തകർക്കുന്നതിന് സാർവ്വത്രികമായി സമ്മർദ്ദങ്ങൾ ഉയർന്നുവരുന്നു. ആഗോളവത്ക്കരണത്തിന്റേയും സ്വകാര്യവത്ക്കരണത്തിന്റേയും ലോക കമ്പോളവത്ക്കരണത്തിന്റേയും ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ കേന്ദ്രത്തിൽ ഭരണം നടത്തിയിട്ടുള്ള എൻ.ഡി.എ. ഗവൺമെന്റും ഇപ്പോൾ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന യു.പി.എ. ഗവൺമെന്റും ഈ സാർവ്വത്രികമായ രീതിയിലുള്ള റേഷൻ സംവിധാനത്തെ കേരളത്തിൽ തകർക്കുന്നതിന് വേണ്ടിയുള്ള നിലപാടുകൾ സ്വീകരിച്ചുവരികയാണ്. അതിന്റെ ആദ്യഭാഗമെന്നുള്ള നിലയിലാണ് കേരളത്തിൽ ഞാൻ നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ സാർവ്വത്രികമായുണ്ടായിരുന്ന റേഷൻ സംവിധാനത്തെ പരിമിതപ്പെടുത്തുന്നതിനു വേണ്ടിയുള്ള

LIBRARY ARCHIVES Kerala Legislative Assembly

ബോധപൂർവ്വമായ തീരുമാനവും നിലപാടുകളും ഉണ്ടായിട്ടുള്ളത്. കേന്ദ്രഗവൺമെന്റിന്റെ നയംമൂലം കേരളത്തിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്ക്, ലക്ഷക്കണക്കിന് പാവപ്പെട്ടവർക്ക് ഇപ്പോഴും ബി.പി.എൽ. കാർഡ്, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കാർഡ് ലഭിക്കുന്നില്ല. എൽ.ഡി.എഫ്.ന്റെ ഭരണകാലത്ത് കേന്ദ്രഗവൺമെന്റിന്റെ സമീപനം അനുസരിച്ച് 25 ശതമാനം കാർഡുകളാണ് ദാര്യദ്ര്യരേഖയ്ക്കു താഴെ എന്ന രീതിയിലാണ് തീരുമാനിക്കപ്പെട്ടതെങ്കിലും 17 ശതമാനം കൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ചേർത്ത് 42 ശതമാനം കുടുംബങ്ങൾക്ക് ആനുകൂല്യം നൽകിയിരുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. കേന്ദ്രഗവൺമെന്റ് ദാരിദ്ര്യരേഖയ്ക്കു താഴെ ഇത്ര ആളുകളുണ്ടെന്ന് കാട്ട നിശ്ചയിച്ചുകൊണ്ടാണ് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കാർഡ് എന്ന കാര്യം തീരുമാനിക്കപ്പെട്ടിട്ടുള്ളത്. ഇവിടെ ശാസ്ത്രീയമായ രീതിയിലുള്ള ഒരു സർവ്വേയോ അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള എന്തെങ്കിലും നിലപാടുകളോ സ്വീകരിച്ചുകൊണ്ടല്ല ദാരിദ്ര്യരേഖ്യ്ക്ക് താഴെയുള്ളവർ എത്രയെന്ന് തീരുമാനിക്കപ്പെട്ടിട്ടുള്ളത്. ശതമാനം അടിസ്ഥാനപ്പെടുത്തി നമ്മുടെ ഓരോ ജില്ലയിലും കാട്ട കൊടുക്കുന്നതുപോലെ ആളുകളെ നിശ്ചയിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. ഫലപ്രദമായി ശാസ്ത്രീയമായ ഏതെങ്കിലും രീതിയിലുള്ള പരിശോധനയോ സർവ്വേയോ അതിനുവേണ്ടി നടത്തിയിട്ടില്ല. ഇവിടെ നേരത്തേ ചൂണ്ടിക്കാണിച്ചിട്ടുള്ളതു പോലെ അനർഹരായ ചില ആളുകൾ ഈ ലിസ്റ്റിൽ കടന്നുവന്നിട്ടുണ്ടാകാം. എന്നാൽ അർഹതയുള്ള ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് ബി.പി.എൽ. കാർഡ് അനുവദിക്കാത്ത സാഹചര്യമാണ് കേരളത്തിലുണ്ടായിട്ടുള്ളത്. ഇവിടെ ബി.പി.എൽ. കാർഡ് ഉടമകളുടെ എണ്ണം ബഹുമാനപ്പെട്ട മന്ത്രിതന്നെ ചോദ്യങ്ങൾക്കുത്തരമായി നൽകിയിട്ടുണ്ട്. 14,45,664 പേർക്കാണ് ബി.പി.എൽ. കാർഡ് നൽകിയിട്ടുള്ളത് എന്നാണ് കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇവിടെ 46,69,818 എ.പി.എൽ. കാർഡുണ്ട്. ഈ എ.പി.എൽ. കാർഡിലുൾപ്പെട്ട വളരെ പാവപ്പെട്ട കുടുംബങ്ങളുണ്ട്. ഒരു സ്ത്രീ കാർഡുമായി വന്ന് എന്നെ കാണിച്ച് സംഭവങ്ങൾ വിശദീകരിക്കുകയുണ്ടായി. ആ കാർഡിൽ രേഖപ്പെടുത്തിയിട്ടുള്ള വരുമാനം 50 രൂപയാണ്. 50 രൂപ വരുമാനം രേഖപ്പെടുത്തിയിട്ടുള്ള ആ കുടുംബത്തിൽ രണ്ടു സ്ത്രീകളും അവരുടെ മക്കളുമാണുള്ളത്. ആർക്കും ജോലിയില്ല. അതുപോലെതന്നെ കൃഷിയുടെ ഭാഗമായി ഒരു വരുമാനവുമില്ല. ആ കുടുംബത്തിൽ ആകെ വരുമാനമായി ചേർത്തിട്ടുള്ളത് 50 രൂപയാണ്.

50 രൂപ വരുമാനമായി ചേർത്തിട്ടുള്ള ആ കാർഡ് എ.പി.എൽ. ആണ്. അതു ബി.പി.എൽ. ആക്കിക്കൊടുക്കണമെന്ന് നിർദ്ദേശിക്കുന്ന ഒരു അപേക്ഷ ഞാൻ തന്നെ മന്ത്രിക്കു കൊടുത്തിട്ടുണ്ട്. ഇതുപോലെ ആയിരത്തിലധികം അപേക്ഷകൾ ഞാൻ തന്നെ കൊടുത്തിരിക്കുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ആയിര ക്കണക്കിനു കുടുംബങ്ങൾ ദാരിദ്ര്യരേഖയക്കു താഴെ, ദരിദ്ര ജീവിതം നയിച്ചുകൊണ്ടി രിക്കുമ്പോൾ അവരെ ദാരിദ്ര്യരേഖയ്ക്കുതാഴെ ഉൾപ്പെടുത്തുന്നില്ല എന്നുള്ളതാണ് വളരെ ഗൗരവമുള്ള പ്രശ്നമായി വന്നുകൊണ്ടിരിക്കുന്നത്. ബി.പി.എൽ.-നു താഴെ 20,41,464 കുടുംബങ്ങളുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ചോദ്യത്തിനുത്തരമായി പറയുകയുണ്ടായി. എന്നാൽ ബി.പി.എൽ. കാർഡുടമകളെന്നു പറയുന്നത് 14,45,664 മാത്രമാണ്. മറ്റു ചില ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ട് എന്ന് ഇവിടെ പറയുകയുണ്ടായി. 76,735 ബി.പി.എൽ. കുടുംബങ്ങളെ എ.പി.എൽ. കുടുംബങ്ങളിലേക്കു മാറ്റിയിരിക്കുന്നു എന്ന് മന്ത്രി തന്നെ ഈ സഭയിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

76,735 പേരെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി അവർക്ക് ബി.പി.എൽ. കാർഡ് നൽകിയിട്ടുമില്ല. 76,000-ൽ അധികം വരുന്ന കുടുംബങ്ങളെ ഒഴിവാക്കിയെങ്കിലും പുതിയതായി ആരേയും ഉൾപ്പെടുത്താനുള്ള നിലപാട് ഇതുവരെ സ്വീകരിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും കണക്കുകൾ തമ്മിലുള്ള വ്യത്യാസം ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ പറയുകയുണ്ടായി. അഞ്ചു ലക്ഷത്തിന്റെ വ്യത്യാസം കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും തമ്മിൽ ഉണ്ട്. കേന്ദ്ര ഗവൺമെന്റ് സബ്സിഡി നൽകുന്നില്ലെങ്കിൽ, ആ ബാദ്ധ്യത സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട്, ഏറ്റവും ചുരുങ്ങിയത് അഞ്ച് ലക്ഷം കുടുംബങ്ങളെയെങ്കിലും പുതുതായി ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പട്ടികയിൽ ഉൾപ്പെടുത്തുകയും ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന മൂന്ന് രൂപയ്ക്ക് ഒരു കിലോ അരി എന്ന ആനുകൂല്യം അവർക്കു നൽകുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ തന്നെ അർഹരായിട്ടുള്ള ആളുകളെ കണ്ടെത്തുന്നതിന് ഒരു സർവ്വേ നടത്തണമെന്ന് പറയുന്നുണ്ട്. എന്തടിസ്ഥാനത്തിലുള്ള സർവ്വേ എന്ന് ചോദിക്കുമ്പോൾ, ഇവിടെ ചില ഡിപ്പാർട്ടുമെന്റുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനവുമായി ബന്ധപ്പെടാതെ, ജനപ്രതിനിധികളുമായി ബന്ധപ്പെടാതെ ഉദ്യോഗസ്ഥർ മാത്രം ആളുകളെ നിശ്ചയിക്കുന്ന തീരുമാനത്തിലേക്ക് എത്തിയാൽ, അത് ഭാവിയിൽ ഗൗരവതരമായ പ്രശ്നങ്ങൾ ഉണ്ടാക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടു കൊണ്ട്, ജനപ്രതിനിധികളുമായി ബന്ധപ്പെട്ടുകൊണ്ട്, ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കുന്നതിനുവേണ്ടി തീരുമാനിക്കണം. ഗ്രാമവികസന വകുപ്പാണ് ബി.പി.എൽ. ലിസ്റ്റ് തയ്യാറാക്കേണ്ടത്. ഈ ലിസ്റ്റ് വീണ്ടും വിമർശനത്തിന് വിധേയമാക്കപ്പെടുന്ന ഒന്നായി മാറുകയാണ്. എ.പി.എൽ.-ൽപ്പെട്ട, ബി.പി.എൽ. കുടുംബങ്ങളിലേക്ക് രൂപാന്തരപ്പെടേണ്ടുന്ന ലക്ഷക്കണക്കിനു ആളുകൾക്ക് ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന നിരവധി ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്ന പ്രശ്നം നാട്ടിൻപ്രദേശങ്ങളിൽ ഗൗരവതരമായിട്ടുള്ള പ്രശ്നങ്ങളിലേക്കും, അസംതൃപ്തി കത്തിപ്പടരുന്ന അവസ്ഥയിലേക്കും നീങ്ങുന്നു എന്നു മനസ്സിലാക്കിക്കൊണ്ട് അടിയന്തിരമായി ഒരു ഇടപെടൽ ഉണ്ടാകണം, അതിനാവശ്യമായ നിലപാട് സ്വീകരിക്കണം. എ.പി.എൽ. വിഭാഗത്തിൽ നിന്നും ബി.പി.എൽ. ലേക്ക് പോകാൻ അർഹതയുള്ള ലക്ഷക്കണക്കിനാളുകളുണ്ട്. അവരെ ആ ലിസ്റ്റിലേക്കു മാറ്റാൻ, ഞാൻ തന്നെ ബഹുമാനപ്പെട്ട മന്ത്രിക്ക്, എനിക്കു കിട്ടിയിട്ടുള്ള നിവേദനത്തെ അടിസ്ഥാനപ്പെടുത്തി ആയിരത്തിലധികം നിവേദനങ്ങൾ നൽകിയിട്ടുണ്ട്. അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള നിലപാടുകൾ സംസ്ഥാനത്തിനാകെ ബാധകമായ രീതിയിൽ കൈകാര്യം ചെയ്യാൻ അങ്ങ് തയ്യാറാകണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. വളരെ ഗൗരവമുള്ള പാവപ്പെട്ടവരുടെ പ്രശ്നമാണ് ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്തുന്നതിനായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് ഒരു ബി.പി.എൽ. സർവ്വേ ഇതുവരെ നടത്തിയിട്ടില്ല. 1997 ജൂൺ മാസം മുതലാണ് ലക്ഷ്യാധിഷ്ഠിത പൊതു വിതരണ സമ്പ്രദായം നിലവിൽ വന്നത്. ഈ സമ്പ്രദായം നിലവിൽ വന്നപ്പോൾ കാർഡ് ഉടമകളെ എ.പി.എൽ. എന്നും ബി.പി.എൽ. എന്നും തരംതിരിച്ചിരുന്നു. ഇതനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കാർഡുടമകളെ കണ്ടെത്തുന്നതിന് ഗ്രാമവികസന വകുപ്പ് സർവ്വേ നടത്തി തയ്യാറാക്കിയ ബി.പി.എൽ. ലിസ്റ്റാണ് അവലംബിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ കണ്ടെത്തിയിട്ടുള്ള ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണത്തേക്കാൾ കുറവാണ് കേന്ദ്രം സംസ്ഥാനത്തിനു നിശ്ചയിച്ചിട്ടുള്ള ബി.പി.എൽ. കുടുംബങ്ങളുടെ എണ്ണം. കേന്ദ്രസർക്കാരിന്റെ കണക്കനുസരിച്ച് സംസ്ഥാനത്ത് 15,54,000 ബി.പി.എൽ. കുടുംബങ്ങളാണുള്ളത്. ഇത്രയും കുടുംബങ്ങൾക്ക് പ്രതിമാസം 35 കിലോഗ്രാം നിരക്കിൽ വിതരണം ചെയ്യുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങളായ, അരിയും ഗോതമ്പും ചേർത്തു മാത്രമേ കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്നുള്ളൂ. സംസ്ഥാന സർക്കാരിന്റെ കണക്കനുസരിച്ച് 20,41,464 കുടുംബങ്ങളാണുള്ളത്. കേന്ദസർക്കാരിന്റെ ബി.പി.എൽ. അലോട്ടുമെന്റ് സംസ്ഥാനത്തെ മുഴുവൻ ബി.പി.എൽ. കുടുംബങ്ങൾക്കും പ്രതിമാസം 35 കിലോഗ്രാം നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനു തികയുന്നില്ല. അതിനാൽ ബി.പി.എൽ. കുടുംബങ്ങൾക്ക് കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങൾ വീതിച്ചു നൽകുകയാണ്. ഒരു ബി.പി.എൽ. കുടുംബത്തിന് ശരാശരി 16-17 കിലോ അരിയും 7-8 കിലോ ഗോതമ്പും പ്രതിമാസം നൽകാനേ സാധിക്കുന്നുള്ളൂ. ബി.പി.എൽ. വിഭാഗത്തിന് റേഷൻ കാർഡുകൾ വഴി വിതരണം നടത്തിയതിൽ അപാകതകൾ ഉണ്ടായിട്ടുണ്ടെന്നും ബി.പി.എൽ. റേഷൻ കാർഡിന് അർഹതയുള്ള പല കുടുംബങ്ങൾക്കും എ.പി.എൽ. കാർഡാണ് ഇന്നും ലഭിച്ചിട്ടുള്ളതെന്നും അതുപോലെതന്നെ അനർഹരായ പലർക്കും ബി.പി.എൽ. കാർഡ് ലഭിച്ചിട്ടുണ്ടെന്നുമുള്ള വളരെയധികം പരാതികൾ ഉണ്ടായിട്ടുണ്ട്. അക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും എ.പി.എൽ., ബി.പി.എൽ. റേഷൻ കാർഡുകൾ വിതരണം നടത്തിയതിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യമാകുകയും ചെയ്തു. ഈ അപാകതകൾ പരിഹരിക്കുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളിൽ ആദ്യ പടിയായി ബി.പി.എൽ. വിഭാഗത്തിൽ അനർഹരായി ഉൾപ്പെട്ടവരെ കണ്ടെത്തി ഒഴിവാക്കുകയും പകരം അർഹരായവരെ ഉൾപ്പെടുത്തുന്നതായിരിക്കും ഉചിതമെന്ന നിഗമനത്തിൽ എത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ നടപടി ആരംഭിക്കുകയും ബി.പി.എൽ. കാർഡുടമകളുടെ വിവരം ശേഖരിച്ച് ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരല്ലെന്ന് കാണുന്നവരേയും ബി.പി.എൽ.-ൽ നിന്നും എ.പി.എൽ.-ലേക്ക് മാറാൻ സ്വയം സന്നദ്ധരാകുന്ന വരെയും മാറ്റാൻ തീരുമാനിക്കുകയും ചെയ്തു. ഇപ്രകാരം വിവരം ശേഖരിക്കാൻ 26-11-2005-ൽ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകി. ഇവിടെ 5-1-2006-ലെ സർക്കാർ ഉത്തരവനുസരിച്ച് എ.പി.എൽ. ലേക്ക് മാറ്റാമെന്നു പ്രകടമായി കാണാൻ കഴിയുന്ന എട്ട് മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ചു കൊടുക്കുകയും ചെയ്തു. കാർഡുടമകളിൽ നിന്നും ശേഖരിച്ചവിവരങ്ങൾ, സ്വയം വെളിപ്പെടുത്തൽ ഇവ പരിശോധിച്ചുവരികയാണ്. ബി.പി.എൽ. ലിസ്റ്റിലുള്ള കുറവ് പരിഹരിക്കുന്നതിന് ഗവൺമെന്റ് നടപടി എടുക്കുന്നില്ല എന്ന് അങ്ങ് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിച്ചു. 1-6-1997-ലാണ് ഈ ലക്ഷ്യാധിഷ്ഠിത റേഷനിംഗ് സമ്പ്രദായം നിലവിൽ വന്നത്. അന്നെടുത്ത തീരുമാനമനുസരിച്ചാണ് കേരളത്തിലെ 20,41,464 കുടുംബങ്ങളെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചത്. അങ്ങ് പറഞ്ഞതുപോലെ തന്നെ 25 ശതമാനം കേന്ദ്രസർക്കാർ പറഞ്ഞപ്പോൾ 17 ശതമാനം കൂടി വർദ്ധിപ്പിച്ചു കൊണ്ടാണ് സംസ്ഥാന സർക്കാർ തീരുമാനമെടുത്തത്. ഒരു കാര്യം ഞാൻ ഇവിടെ വളരെ വ്യക്തമായി സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത് സ്വയം പ്രഖ്യാപിക്കുവാൻ വേണ്ടി നിശ്ചിത അപേക്ഷാഫാറങ്ങൾ നൽകി. ആ പരിശോധനാവേളയിൽ കണ്ടെത്തിയ പല കാര്യങ്ങളിലും കേരളത്തിലെ പല ഉന്നതരായ ഉദ്യോഗസ്ഥരടക്കം സമൂഹത്തിൽ നല്ല നിലയിൽ ജീവിക്കുവാൻ ചുറ്റുപാടുള്ളവരടക്കം ബി.പി.എൽ. ലിസ്റ്റിൽ കടന്നു കൂടിയിട്ടുണ്ട് എന്നാണ്. അതു 1997-ൽ കടന്നു കൂടിയതാണെന്നുകൂടി അങ്ങ് ഓർക്കണം എന്നാണ് എനിക്കു സൂചിപ്പിക്കാനുള്ളത്. ഇത്രയും അനർഹരായിട്ടുള്ള ആളുകളെ ഒഴിവാക്കിക്കൊണ്ട് അർഹതപ്പെട്ട സാധാരണക്കാരിൽ സാധാരണക്കാരായ ആളുകളെ ഉൾപ്പെടുത്തുന്നതിനു വേണ്ടിയാണ് ഗവൺമെന്റ് ഇപ്പോൾ നടപടികളുമായി മുന്നോട്ടുപോകുന്നത്. ഇപ്പോൾ നിലവിൽ ബി.പി.എൽ. ലിസ്റ്റിന്റെ എണ്ണത്തിൽ യാതൊരു കാരണവശാലും ഒരു കുറവും വരുത്തുവാൻ ഗവൺമെന്റ് ആലോചിക്കുന്നില്ല. ഇപ്പോൾ ബി.പി.എൽ. ലിസ്റ്റിലുള്ള എണ്ണം എന്നു പറയുന്നത് 20,41,464 പേരാണ്. അതിൽ 5,95,800 കുടുംബങ്ങൾ അന്ത്യോദയ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ പറ്റുന്നവരാണ്. അതിൽ ബാക്കി എന്നു പറയുന്നത്, 14,45,664 പേരാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് അഞ്ച് ലക്ഷത്തോളം ആളുകളെ ഒഴിവാക്കാൻ വേണ്ടി ശ്രമം നടത്തുന്നു എന്നാണ്. യാതൊരു കാരണവശാലും അങ്ങനെ ഗവൺമെന്റ് ആലോചിച്ചിട്ടില്ല. അങ്ങേക്ക് എവിടെ നിന്നും ഈ രേഖകൾ കിട്ടി എന്നറിയില്ല. 76,000 കുടുംബങ്ങളാണെന്ന് ഞാൻ ഈ സഭയിൽ പറഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞത്. ശരിയാണ്. പക്ഷെ അതിനുശേഷം കിട്ടിയ കണക്കനുസരിച്ച് 86,000-ത്തോളം കുടുംബങ്ങൾ സ്വയം ഒഴിഞ്ഞുപോകാൻ തയ്യാറാണെന്ന് പറഞ്ഞ് അപേക്ഷ കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനസമ്പർക്കപരിപാടി 14 ജില്ലകളിൽ പ്പോയി നടത്തുകയുണ്ടായി. ആ ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രി പങ്കെടുത്തപ്പോൾ വളരെയധികം പരാതികൾ കിട്ടിയിട്ടുണ്ട്. ബി.പി.എൽ. ലിസ്റ്റിൽ വരേണ്ടവരെ എ.പി.എൽ. ലിസ്റ്റിലാക്കിയെന്നുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. അതിന് ഒന്നാമതായി പരിഗണന നൽകുന്നതാണ്. അനർഹരെ ബി.പി.എൽ. ലിസ്റ്റിൽ നിന്നും ഒഴിവാക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു കിട്ടിയ പരാതികൾ പരിഹരിക്കുന്നതിന് ഒന്നാമത്തെ പരിഗണന നൽകുന്നതാണ്. ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്നു പറയുന്നത് ബി.പി.എൽ. ലിസ്റ്റിലുള്ള ഒരു കുടുബത്തിൽപ്പെട്ട ആളുകൾക്ക് പഞ്ചായത്തോ മറ്റ് സന്നദ്ധ സംഘടനകളോ സഹായിച്ച് സ്വന്തമായി വീടുവച്ച് കൊടുത്തിട്ടുള്ളവർക്ക് മറ്റ് വീടുകളിലേക്ക് മാറിത്താമസിച്ചതിനു ശേഷം പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുമ്പോൾ ഇപ്പോഴത്തെ വ്യവസ്ഥവച്ചുകൊണ്ട് അവർക്ക് എ.പി.എൽ. കാർഡ് മാത്രമേ കൊടുക്കാൻ കഴിയുമായിരുന്നുള്ളു. അതുകൊണ്ട് ഇപ്പോൾ അനർഹരെ ഒഴിവാക്കിക്കൊണ്ട് പരിഗണനയ്ക്ക് വരുന്ന ലിസ്റ്റിലുള്ളവർക്ക് ബി.പി.എൽ. ലിസ്റ്റിൽ മുൻഗണന കൊടുക്കുന്നതായിരിക്കുമെന്ന് ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. നേരത്തെ മന്ത്രി പറഞ്ഞത് 76,000 എന്നാണ്. ഇപ്പോൾ അത് 86,000 ആയി. കുറച്ചു കഴിയുമ്പോൾ ഒരു ലക്ഷമാകുമെന്ന് വിചാരിക്കാം. ഞാൻ ഈ ലിസ്റ്റ് നോക്കിയപ്പോൾ തൃശ്ശൂർ ജില്ലയിൽ നിന്നാണ് 20,000 ആളുകൾ പുറംതള്ളപ്പെട്ടിട്ടുള്ളത്. ബാക്കിയെല്ലാ ജില്ലകളിലും രണ്ടായിരം, മൂവായിരം ആളുകൾ മാത്രമേയുള്ളൂ. അപ്പോൾ എങ്ങനെയാണ് ഈ അന്തരം വന്നിട്ടുള്ളതെന്ന് പരിശോധിക്കേണ്ടതാണ്. എനിക്ക് പറയാനുള്ളത് ഇപ്പോൾ വരാൻ സാദ്ധ്യതയുള്ള കണക്കനുസരിച്ച് ഒരുലക്ഷത്തോളം കുടുംബങ്ങൾ ബി.പി.എൽ. ലിസ്റ്റിൽ നിന്നും എ.പി.എൽ. ലിസ്റ്റിലായ സാഹചര്യത്തിൽ അടിയന്തിരമായും അത്രയും നമ്പർ എ.പി.എൽ. ലിസ്റ്റിൽ നിന്നും ബി.പി.എൽ. ലിസ്റ്റിലാക്കി മാറ്റുന്നതിന് നിശ്ചിത സമയം വച്ചുകൊണ്ടുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. അടൂർ പ്രകാശ് : ഇക്കാര്യത്തിൽ നിശ്ചിത സമയം നിശ്ചയിച്ചിട്ടുണ്ട്. ഫെബ്രുവരി മാസം അവസാനത്തോടെ ഇത് പരിഹരിക്കാനാണ് നടപടിയെടുക്കുന്നത്. 15-ാം തീയതികൊണ്ട് ഇന്ന് നടക്കുന്ന പരിശോധന പൂർത്തീകരിച്ച് ലിസ്റ്റ് തരാൻ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് കഴിഞ്ഞയാഴ്ച സഭയിൽ 76,000 എന്ന് പറഞ്ഞത്. അതിനുശേഷം കിട്ടിയ കണക്കുകളാണ് ഇപ്പോൾ സൂചിപ്പിച്ചത്. ബി.പി.എൽ. ലിസ്റ്റിൽ നിന്ന് ഒഴിവായി എ.പി.എൽ.-ലേക്ക് പോകുന്ന അനർഹരായവരെ മാറ്റുന്ന അത്രയും എണ്ണംതന്നെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

(2) തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിന്റെ വികസന പ്രവർത്തനങ്ങൾ

ശ്രീ. കെ. മോഹൻകുമാർ : സർ, തിരുവനന്തപുരം ഇന്റർനാഷണൽ എയർപോർട്ടിന്റെ വികസന പ്രശ്നങ്ങൾ ഒരിക്കൽക്കൂടി ഈ സഭാതലത്തിൽ അവതരിപ്പിക്കുകയാണ്. തിരുവനന്തപുരം എയർപോർട്ടിൽ ആധുനിക യാത്രാ ടെർമിനൽ നിർമ്മാണം അതിവേഗം ആരംഭിക്കണമെന്നുള്ളതാണ് പൗരാവലിയുടേയും വ്യോമയാന രംഗത്തുള്ളവരുടേയും ആഗ്രഹം. വിദ്യാഭ്യാസത്തിനും തൊഴിലിനും വിനോദസഞ്ചാരത്തിനും ആരോഗ്യ സംരക്ഷണത്തിനും അനുസ്യൂതം അതിർത്തികൾ കടക്കുന്ന വിവിധഭാഷക്കാരായ സഞ്ചാരികൾ ലോകത്തെ ഒരു ഗ്രാമമാക്കി ചുരുക്കിയിരിക്കുകയാണ്. ഇവിടെ ഓരോ എയർപോർട്ടും ഭരണ വ്യവസ്ഥയുടേയും ഒരു ജനസമൂഹത്തിന്റെ കാര്യക്ഷമതയുടേയും സംസ്ക്കാരമികവിന്റേയും പ്രതിഫലനമായും പ്രതീകമായും മാറിക്കഴിഞ്ഞിരിക്കുകയാണ്. അന്താരാഷ്ട്ര പദവി ലഭിച്ച് ഒട്ടേറെ വർഷങ്ങൾ കഴിഞ്ഞിട്ടും ആധുനിക യാത്രാ ടെർമിനൽ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി കിട്ടാത്ത തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസന പ്രശ്നങ്ങൾ ശ്രീ. എ. കെ. ആന്റണി ഗവൺമെന്റ് വളരെ ആത്മാർത്ഥതയോടുകൂടി ഏറ്റെടുക്കുകയും ആ പരാധീനതകൾ പരിഹരിക്കുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 262-ഓളം ഭൂവുടമകളിൽ നിന്ന് നിരന്തരമായ ചർച്ചകളിലൂടേയും സമ്മർദ്ദങ്ങളിലൂടേയും ഭൂമി കരസ്ഥമാക്കി 2005 മാർച്ച് മാസത്തോടുകൂടി ആ ഭൂമി എയർപോർട്ട് അതോറിറ്റിക്ക് കൈമാറിക്കൊടുക്കുകയും